**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4991** **01-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽനിന്നും മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതിനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നീക്കി വെച്ച കൊണ്ട് സ്റ്റേറ്റ് ലാന്റ് ബോർഡ് ഉത്തരവാകുന്ന ഭൂമികൾ 3 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിച്ച് ഗുണഭോക്തൃപട്ടികയിലെ ഗുണഭോക്താക്കൾക്ക് ഊഴമനുസരിച്ച് വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ; അടിയന്തരമായി പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഗുണഭോക്താക്കൾ അനർഹരായതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടില്ലാത്ത പ്ലോട്ടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് വിനിയോഗിക്കുന്നതിനും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നീക്കി വെച്ച് സ്റ്റേറ്റ് ലാന്റ് ബോർഡ് ഉത്തരവായിട്ടുള്ള ഭൂമികൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാൻ അനുയോജ്യമായത് ടി ആവശ്യത്തിനും അല്ലാതുള്ളവ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് വെച്ച് നൽകുന്നതിന് വിനിയോഗിക്കുന്നതിനും 09.08.2018 തീയതിയിലെ എ 4/184/2018/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമികളുടെ വിശദാംശങ്ങൾ ലൈഫ് മിഷൻ ജില്ലാ കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ